അക്കാദമിക

മാസ്റ്റർ പ്ലാൻ 2025-26

# ദിശ

ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ ഫാറൂഖ് കോളേജ്

# ഉള്ളടക്കം


| | |
|---|---|
| പേജ് 1 | : സ്കൂൾ വിവരങ്ങൾ |
| പേജ് 2 | : ആമുഖം |
| പേജ് 3 | : ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ ചരിത്രം |
| പേജ് 6 | : പാഠ്യേതര പ്രവർത്തനങ്ങൾ , മാനേജ്മെന്റ് |
| പേജ് 7 | : പൂർവ്വവിദ്യാർത്ഥി സംഘടന |
| പേജ് 8 | : അക്കാദമികം (നേട്ടങ്ങൾ,പരിമിതികൾ) |
| പേജ് 9 | : ഭൗതികം നേട്ടങ്ങൾ പരിമിതികൾ |
| പേജ് 10 | : അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ |
| പേജ് 11,12 | : ഉപമേഖല ഇംഗ്ലീഷ് |
| പേജ് 13,14 | : ഉപമേഖല മലയാളം |
| പേജ് 15,16 | : ഉപമേഖല ഹിന്ദി |
| പേജ് 17,18 | : ഉപമേഖല അറബിക് |
| പേജ് 19,20 | : ഉപമേഖല ശാസ്ത്രം |
| പേജ് 21,22 | : ഉപമേഖല സോഷ്യൽ സയൻസ് |
| പേജ് 23,24 | : ഉപമേഖല ഗണിതം |
| പേജ് 25 | : ഉപമേഖല കായികം |
| പേജ് 26 | : ഉപമേഖല തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം |
| പേജ് 27,28,29 | : ഉപമേഖല കല വിദ്യാഭ്യാസം |
| പേജ് 30-38 | : അക്കാദമിക മാസ്റ്റർ പ്ലാൻ  യു പി വിഭാഗം |
| പേജ് 39 | : ഉപസംഹാരം |

സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1. റവന്യു ജില്ല | കോഴിക്കോട് |
| 2. സ്കൂൾ കോഡ് | 17076 |
| 3. സ്കൂളിന്റെ പേര് | ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ |
| 4. മേൽവിലാസം | ഫാറൂഖ് കോളേജ് പോസ്റ്റ് |
| | കോഴിക്കോട് ജില്ല |
| 5.പിൻകോഡ് | 673 632 |
| 6.ഫോൺ നമ്പർ | 0495 2440670 |
| 7. ഇമെയിൽ അഡ്രസ്സ് | farookhhss@gmail.com |
| 8. മുൻസിപ്പാലിറ്റി | രാമനാട്ടുകര |
| 9. വിദ്യാഭ്യാസ ജില്ല | കോഴിക്കോട് |
| 10. സബ് ജില്ല | ഫറോക്ക് |
| 11. ക്ലാസ്സുകൾ | 5 മുതൽ 12 വരെ |
| 12. മാനേജ്മന്റ് | എയ്ഡഡ് |
| 13.പഠനമാധ്യമം | മലയാളം / ഇംഗ്ലീഷ് |

ആമുഖം

കോഴിക്കോട് ജില്ലയുടെ അതിർത്തി പ്രദേശമായ രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ ഫാറൂഖ് കോളേജ് ക്യാമ്പസിൽ ആണ് ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് ജില്ലയിൽ മാതൃകയായി നിലകൊള്ളുന്ന ഒരു വിദ്യാലയമാണിത്. ദേശീയ സംസ്ഥാന തലങ്ങളിൽ കായിക മത്സരങ്ങളിലും സ്കോളർഷിപ് മത്സര പരീക്ഷകളിലും  പരിശീലനം നൽകാനും വിജയം നേടാനും സ്കൂളിന് കഴിയുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. കുട്ടികളുടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും തൈക്കോണ്ടോ പരിശീലനം നൽകിവരുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നടത്തി പഠനത്തിന് സാഹചര്യമൊരുക്കുന്നു. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് .ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തപ്പെടുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു .പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ  ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റിന്റെ  പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു.

ഓരോ വർഷവും വിദ്യാർഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് സ്കൂളിൻറെ അക്കാദമിക നിലവാരത്തിലുള്ള പൊതു സമൂഹത്തിൻറെ അംഗീകാരമായാണ് വിദ്യാലയം കാണുന്നത്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായത് എന്തോ ഇത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ..

## ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ ചരിത്രം

കോഴിക്കോട് ജില്ലയിലെ ഫാറൂഖ് കോളേജ് കാമ്പസിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ. 1954 -ൽ റൗളത്തുൽ ഉലൂം അസോസിയേഷനു കീഴിൽ സ്ഥാപിതമായ ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ കോഴിക്കോട് വിദ്യഭ്യാസ ജില്ലയിലെ ഫറോക്ക് ഉപജില്ലയിലാണ് നിലകൊള്ളുന്നത്.

വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഏറെ അനുഭവപ്പെട്ട മലബാർ മേഖലയിൽ വിജ്ഞാന വിപ്ലവത്തിന് തുടക്കമിട്ടുകൊണ്ട് 1942 - ൽ സ്ഥാപിതമായ റൗളത്തുൽ ഉലൂം അസോസിയേഷനു കീഴിലെ ഫാറൂഖ് കോളേജിന്റെ പിൻമുറയിൽ സ്ഥാപിതമായ സ്കൂൾ ആണ് ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ. അറബി ഭാഷാപഠനത്തിന് പ്രാധാന്യം നൽകി 1954-ൽ സ്ഥാപിതമായ ഫാറൂഖ് ഓറിയന്റൽ സ്കൂൾ ആണ് 1957-ൽ കേരളാ പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ സ്പെഷൽ ഓഡർ പ്രകാരം ഫാറൂഖ് ഹൈസ്കൂൾ ആയും, 1998-ൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിച്ചത് മൂലം ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ ആയും മാറിയത്. 1954 ജൂൺ ഒന്നാം  തിയതിയാണ് സ്കൂൾപ്രവർത്തനമാരംഭിക്കുന്നത്. പരിസര പ്രദേശത്തെ കൂടുതൽ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കാൻ 2005 ൽ ഹയർ സെക്കണ്ടറിയിൽ അൺ എയ്ഡഡ് വിഭാഗം ആരംഭിച്ചു.

വളർച്ചയുടെ പടവുകൾ

| | |
|---|---|
| 1954 : | ഓറിയന്റൽ സ്കൂൾ |
| 1957 : | ഫാറൂഖ് ഹൈസ്കൂൾ |
| 1998 : | ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ |
| 2005 : | അൺ എയ്ഡഡ് വിഭാഗം |
| 2012 : | ഗോൾഡൻ ജൂബിലി ബിൽഡിംങ് |

ദാർശനികനും ചിന്തകനുമായിരുന്ന മൗലാനാ അബുസ്സബാഹ് അഹമ്മദലി സാഹിബാണ് കേമ്പസിലെ മറ്റു സ്ഥാപനങ്ങൾക്കൊപ്പം ഈ സ്കൂളിനും തുടക്കം കുറിച്ചത്.

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം ലഭ്യമല്ലാതിരുന്ന കാലഘട്ടത്തിൽ തുടങ്ങിയ ഈ സ്ഥാപനം ആ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

സാധാരണ വിദ്യാലയങ്ങൾക്കില്ലാത്ത പലവിധ സവിശേഷതകളോട് കൂടിയ സ്ഥാപനമാണ് ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യമുള്ള പശ്ചാത്തലമാണ് ഒന്നാമത്തെ സവിശേഷത. പതിനൊന്നിൽ അധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേമ്പസിൽ പ്രവർത്തിക്കുന്നുണ്ട്. ഉയർച്ചയിലേക്കുള്ള പടവുകൾ കൺമുന്നിൽ കണ്ടുകൊണ്ട് പഠനം നടത്താൻ അത് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു.

## ഭൗതികസൗകര്യങ്ങൾ

പുളിയാളി അബ്ദുള്ളക്കുട്ടി ഹാജി സൗജന്യമായി വഖഫ് ചെയ്തു നൽകിയ 28 ഏക്കർ ഉൾക്കൊള്ളുന്ന അതിവിശാലമായ കേമ്പസിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

500 ൽ അധികം പേർക്കിരിക്കാവുന്ന അതിവിശാലമായ ഓഡിറ്റോറിയം, സെമിനാർ ഹാൾ, ആധുനീക സാങ്കേതിക വിദ്യയിലൂടെ പഠനം ആനന്ദകരമാക്കാൻ സുസജ്ജമായ മൾട്ടിമീഡിയ റൂം, കമ്പ്യൂട്ടർ ലാബ്, സൗകര്യമായും സ്വതന്ത്രമായും പരീക്ഷണ നിരീക്ഷണങ്ങൾ നടത്താവുന്ന സയൻസ് ലാബ്, വായനയുടെ വാതായനങ്ങൾ വിദ്യാർത്ഥികൾക്ക് തുറന്നുകൊടുക്കുന്ന ലൈബ്രറി & റീഡിംഗ് റൂം, ലാംഗ്വേജ് റൂം, സ്പോർട്സ് റൂം, പ്രത്യേകം സജ്ജമാക്കിയ അടുക്കള, കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികൾ മിതമായ നിരക്കിൽ നൽകുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നിർധനരായ കുട്ടികളെ സഹായിക്കുന്നതിനായി ഫാറൂഖ് എഡ്യൂകെയർ എന്ന ചാരിറ്റി സംരംഭം, ഫാറൂഖ് എഡ്യൂകെയറിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ടൈലറിങ് യൂണിറ്റ്, സ്കൂൾ പരിപാടികൾ നടത്താൻ ഉതകുന്ന അതിവിശാലമായ ഒരു നല്ല സ്റ്റേജ്, വിദ്യാലയത്തിന്റെ കോംപൗണ്ടിനുള്ളിൽ തന്നെ പ്രവർത്തിക്കുന്ന സ്കൂൾ കാന്റീൻ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ റിസോഴ്സ് ടീച്ചർ, കൗൺസിലർ, വളരെ ശക്തമായ പി. ടി. എ, എം. പി. ടി. എ തുടങ്ങിയ ആധുനിക സൗകര്യങ്ങളെല്ലാം ഇന്ന് ഈ വിദ്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## സ്കൂളിന്റെ പ്രത്യേക മേന്മകൾ

•ആർട്സ് കോളേജ്, ടീച്ചർ ട്രൈനിംങ്ങ് കോളേജ്, ഇൻസ്റ്റിറ്റ്യുട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് തുടങ്ങിയ പതിനൊന്നിൽ അധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യമുള്ള കേമ്പസ്.

•ഇന്ത്യയിലെ പ്രൊഫെഷണൽ ഫുട്ബോൾ ക്ലബ്ബായ ഗോകുലവുമായി ചേർന്ന് അണ്ടർ 15 അണ്ടർ 17 വിഭാഗങ്ങളിൽ ഫുട്ബോളിൽ പരിശീലനം നൽകി വരുന്നു

•അക്ഷര ദീപം തെളിയിച്ച വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങളിൽ എന്നും പിൻബലമേകാൻ സുശക്തരായ പൂർവ്വവിദ്യാർത്ഥികൾ.

•5000 പേർക്ക് ഇരിക്കാവുന്ന ഗാലറിയോടുകൂടിയ 6 ഏക്കറിലുള്ള ഗ്രൗണ്ട്. സ്പോർട്സ് താരങ്ങൾക്ക് ഡ്രസ്സ് മാറാനുള്ള റൂം, ബാത്ത് റൂം എന്നിവയടങ്ങുന്ന സുസജ്ജമായ ഈ പുൽമൈതാനം ലോകോത്തര ഫുഡ്ബാൾ താരങ്ങളുടെ പാദപതനത്താൽ അനുഗ്രഹീതമാണ്.

ഫോഡറ്റ്

• 2014 മുതൽസ്കൂളിൽ 8 ൽ അഡ്മിഷൻ എടുക്കുന്ന തിരഞ്ഞെടുത്ത 50 കുട്ടികൾക്ക് ദിശാബോധം നൽകി ഇന്ത്യൻ സിവിൽ സർവീസ്, ജുഡിഷ്യറി, ശാസ്ത്ര സാങ്കേതിക മേഖല, AIMS, I I T, I I M ,ISS, IFS, K A S, I A S തുടങ്ങി വിവിധ കോഴ്സുകൾ പരിചയപ്പെടുത്തുക, ഇന്ത്യയിലെ പ്രീമിയർ സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ സന്ദർശിക്കുക, വിവിധ മേഖലകളിലെ വിദഗ്ധരുമായുള്ള അഭിമുഖങ്ങൾ, കരിയർ സെറ്റിംഗ്, വിവിധ ക്യാമ്പുകൾ, മത്സര പരീക്ഷകൾക്ക് പരീശീലനം തുടങ്ങിയവ ഈ പ്രൊജക്റ്റ് ലക്ഷ്യം വെക്കുന്നു.

ഇതിനകം മുബൈ I I T, AIMS കല്യാണി, ഇന്ത്യൻ സ്കൂൾ ഓഫ് എക്ണോമിക്സ്, J N U ഡൽഹി, ജാമിയ മില്ലിയ തുടങ്ങിയ സ്ഥാപനങ്ങളിൽ നമ്മുടെ മക്കൾ പഠനം നടത്തുന്നു. .ഫാറൂഖ് കോളേജ് ഓൾഡ് സ്റ്റുഡന്റ്സ് അസ്സോസിയേഷൻ ദുബായ് ചാപ്റ്ററും (ഫോഡറ്റ്) പ്രാദേശിക യൂണിറ്റും സംയുക്തമായാണ് ഈ പ്രൊജക്റ്റ് നടപ്പിലാക്കുന്നത്.

•നിർധനരും നിലാരംഭരുമായ വിദ്യാർത്ഥികൾക്ക് തണലേകാൻ ഫാറൂഖ് എഡ്യൂകെയർ എന്ന ചാരിറ്റി സംരംഭം.വിദ്യാലയത്തിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച ഈ സംരഭത്തിന് കീഴിൽ എഴുപത് ലക്ഷത്തിൽ പരം രൂപയാണ് ഇതിനോടകം ചെലവഴിച്ചത് .

•തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാധ്യമാക്കുമാറ് പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് ടൈലറിങ്ങിൽ പരിശീലനം നൽകാനായി സ്കൂൾ ടൈലറിങ് യൂണിറ്റ്

•500 ൽ അധികം പേർക്കിരിക്കാവുന്ന അതിവിശാലമായ ഓഡിറ്റോറിയം.

•ആധുനീക സാങ്കേതിക വിദ്യയിലൂടെ പഠനം ആനന്ദകരമാക്കാൻ സുസജ്ജമായ മൾട്ടിമീഡിയ റൂം.

•ഹൈസ്കൂളിനും ഹയർ സെക്കണ്ടറിയ്ക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള വെവ്വേറെ കമ്പ്യൂട്ടർ ലാബുകൾ.

•300 ൽ അധികം പേരെ ഉൾക്കൊള്ളുന്ന സെമിനാർ ഹാൾ.

•ഹയർസെക്കണ്ടറി (എയ്ഡഡ്) വിഭാഗത്തിൽ എല്ലാ ക്ലാസ്സ്റൂമുകളും സ്മാർട്ട് ഹൈടെക് ക്ലാസ്സ്റൂമുകൾ

•ഹൈസ്കൂൾ വിഭാഗത്തിൽ ഇരുപത്തി ഏഴ് സ്മാർട്ട് ഹൈടെക് ക്ലാസ്സ്റൂമുകൾ

•വിദ്യാലയത്തിന്റെ കോംപൗണ്ടിനുള്ളിൽ തന്നെ പ്രവർത്തിക്കുന്ന സ്കൂൾ കാന്റീൻ.

•വിദ്യാർത്ഥികൾക്കാവശ്യമായ പഠനസാമഗ്രികൾ മിതമായ നിരക്കിൽ നൽകി വരുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

•ഹൈസ്കൂൾ, യു.പി.വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയം ക്ലാസ്സുകൾ.

•യു. എസ്. എസ് പരീക്ഷയ്ക്ക് പ്രത്യേകപരിശീലനം.

•ഹൈസ്കൂൾ, യു. പി. വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും ആവശ്യമായ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്ന വിജയോൽസവം യൂണിറ്റ്.

•പാഠ്യേതര മേഖലകളിൽ സംസ്ഥാന തലം വരെ മികവ് തെളിയിക്കുന്ന രീതിയിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന മികച്ച പരിശീലനപരിപാടികൾ.

•ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ പ്രത്യേകം റിസോഴ്സ് ടീച്ചർ.

•പഠനത്തിന് തടസ്സമാകുന്നരീതിയിൽ കുട്ടികളെ ബാധിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനുമായി ഹെൽപ്പ് ഡെസ്ക്, കൗൺസലിംങ്ങ് ടീച്ചർ.

•ശിശുസൗഹൃദ വിദ്യാലയാന്തരീക്ഷം.

•കാർഷിക വൃത്തിയിൽ ആഭിമുഖ്യം വളർത്തുന്ന രീതിയിലുള്ള ജൈവ പച്ചക്കറിത്തോട്ടം വിദ്യാലയത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

പാഠ്യപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ ആരംഭകാലം മുതൽതന്നെ നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ജില്ലാ,-സംസ്ഥാന-ദേശീയ-അന്തർദേശീയ കായികരംഗങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നമ്മുടെ സ്കൂളിന് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്പോർട്ട്സ് ക്ലബ്ബാണുള്ളത്. അമേരിക്കയിലെ ഫ്ളോറിഡ ഐ.എം.ജി ഫുട്ബോൾ അക്കാദമിയിലേക്ക് ഒരു വർഷത്തെ ഫുട്ബോൾ പരിശീലനത്തിനായി കേരളത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഹനാൻ ജാവേദ്, ആനിസ്, മുംബൈയിലെ ടാറ്റ ഫുട്ബോൾ അക്കാദമിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആസിൽ, ഇംഗ്ലണ്ടിലെ ആഴ്സണലിൽ ഇന്ത്യയെ പ്രതിനിധീകരിച്ച ഏക മലയാളി ജംഷാദ്, അണ്ടർ 17 ഇന്ത്യൻ കേമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആറു വിദ്യാർഥികൾ , കൂടാതെ കേരള സംസ്ഥാന ഫുട്ബോൾ ടീമിൽ കളിച്ചിട്ടുള്ള നിരവധി കുട്ടികളും ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂളിലെ സെപ്റ്റ് സെന്ററിലൂടെ വളർന്നുവന്നവരാണ്.

കലാരംഗങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടു ള്ള നമ്മുടെ സ്കൂളിൽ കലാപ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലനം കൊടുക്കുന്നതിനുംവേണ്ടി നല്ലൊരു ആർട്ട്സ് ക്ലബ്ബ്, വിദ്യാരംഗം സാഹിത്യ വേദി എന്നിവ പ്രവർത്തിക്കുന്നു. സ്കൗട്ട് & ഗൈഡ്റ്റ്സ്, എൻ. എസ്സ്. എസ്സ്, ജൂനിയർ റെഡ്ക്രോസ്, ലിറ്റിൽ കൈറ്റ്സ്, പ്രവൃത്തിപരിചയ ക്ലബ്, പരിസ്ഥിതി ക്ലബ്, കാർഷിക ക്ലബ്, ഹെൽത്ത് ക്ലബ്, ജി. കെ. ക്ലബ്, ഊർജ്ജ ക്ലബ്, ലഹരി വിരുദ്ധ ക്ലബ് തുടങ്ങിയ വിവിധ ക്ലബുകൾ നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

## മാനേജ്മെന്റ്

ശക്തമായ മാനേജിങ്ങ് കമ്മറ്റിയാണ് സ്കൂളിനുള്ളത്. നിസ്വാർത്ഥരായ സമൂഹ്യ പ്രവർത്തകരും വിദ്യാഭ്യാസ വിചക്ഷണന്മാരുമാണ് സ്കൂൾ മാനേജിങ്ങ് കമ്മറ്റിയിലുള്ളത്. 1972 വരെ മൗലാന അബുസ്സബാഹ് അഹമ്മദലി സാഹിബ് ആയിരുന്നു മാനേജർ.1972 മുതൽ 1998 വരെ കെ.സി ഹസ്സൻ കുട്ടി സാഹിബും അതിന് ശേഷം കെ.എ ഹസ്സൻ കുട്ടി സാഹിബും മാനേജർ പദവി അലങ്കരിച്ചു. ഇപ്പോൾ കെ. കുഞ്ഞലവി സാഹിബ് ആണ് മാനേജർ പദവി അലങ്കരിച്ചു വരുന്നത്.

## പ്രധാനാദ്ധ്യാപകർ

1957 മുതൽ 1986 വരെ നീണ്ട 29 വർഷം സ്കൂളിന്റെ പ്രധാനാദ്ധ്യാപകൻ പി.എ ലത്തീഫ് സാഹിബ് ആയിരുന്നു. പി.എം അബ്ദുൽ അസീസ്, കെ.എം. സുഹറ, പി. ആലിക്കോയ, കെ. കോയ, എം.എ. നജീബ്. തുടങ്ങിയവർ ഈ സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകരും കെ.പി. കുഞ്ഞഹമ്മദ് ഹയർസെക്കണ്ടറി വിഭാഗത്തിന്റെ മുൻ പ്രിൻസിപ്പാളുമാണ്. ഇപ്പോൾ കെ. ഹാഷിം പ്രിൻസിപ്പാൾ പദവിയും മുഹമ്മദ് ഇഖ്ബാൽ കുന്നത്ത് ഹെഡ്മാസ്റ്റർ പദവിയും അലങ്കരിച്ചു വരുന്നു.

## പൂർവ്വവിദ്യാർത്ഥി സംഘടന

സ്കൂളിന്റെ ഉയർച്ചയിലും വളർച്ചയിലും ആത്മാർത്ഥ സേവനങ്ങൾ നൽകുന്ന നല്ലൊരു പൂർവ്വവിദ്യാർത്ഥികൂട്ടായ്മയാണ് സ്കൂളിനുള്ളത്. ഫോസ (ഫാറൂഖ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ) എന്ന പേരിലാണിതറിയപ്പെടുന്നത്. എല്ലാ വർഷവും പൂർവ്വവിദ്യാർത്ഥികളുടെ സംഗമം നടത്തി വരുന്നുണ്ട്. വിദേശരാജ്യങ്ങളിൽ ഫോസ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ആധുനിക സൗകര്യങ്ങളെല്ലാം വിദ്യാലയത്തിന് ലഭ്യമായത് ഫാറൂഖ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻന്റെ (ഫോസ) സഹായത്തോടെയാണ്.

ഫാറൂഖ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും മലബാറിലെ വിവിധ ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ആൺകുട്ടികൾക്ക് (ഇംഗ്ലീഷ് / മലയാളം മീഡിയം) പൂർണമായും സൗജന്യമായി കുട്ടികളുടെ വ്യക്തിത്വ വികസനവും അക്കാദമിക മികവും ലക്ഷ്യമാക്കി ഐ. എ. എസ്സ്-ഐ. പി. എസ്സ്-മെഡിക്കൽ-എഞ്ചിനിയറിംഗ് തുടങ്ങിയ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കുള്ള സ്പെഷൽ കോച്ചിംഗ്, സൗജന്യ അഭിരുചി നിർണ്ണയ കേമ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2016-17 അക്കാദമിക വർഷത്തിൽ പുറത്തിറങ്ങിയ ഫോഡറ്റിന്റെ ആദ്യ ബാച്ചിലെ പതിനഞ്ച് വിദ്ധ്യാർത്ഥികളിൽ ഏഴ് വിദ്ധ്യാർത്ഥികൾക്ക് ഫോഡറ്റിന്റെ കീഴിൽ നൂറ് ശതമാനം സ്കോളർഷിപ്പോടെ ഐ. എ. എസ്സ്, ഐ. പി. എസ്സ്, മെഡിക്കൽ-എഞ്ചിനീയറിങ്ങ് തുടങ്ങിയ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കുള്ള സ്പെഷൽ കോച്ചിംഗിന് സ്കൂൾ കഴിഞ്ഞിറങ്ങിയ ഉടൻ തന്നെ പ്രമുഖ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ചു.

## പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ

•കുട്ടി അഹമ്മദ് കുട്ടി - മുൻ മന്ത്രി
•സയ്യിദ് ആബിദ് ഹുസ്സൈൻ തങ്ങൾ - കോട്ടക്കൽ എം എൽ എ
•പി. കെ. ബഷീർ - ഏർനാട് എം എൽ എ
•വി. പി. ത്രിമതി - കോണ്ട്രാക്റ്റർ
•സി. പി. കുഞ്ഞുമുഹമ്മദ് - ബിസ്നസ്സ്
•എൻ. കെ. മുഹമ്മദ് അലി - ബിസ്നസ്സ്
•അഹമ്മദ് കുട്ടി ശിവപുരം - സാഹിത്യകാരൻ
•സിറാജ് മാത്തർ – ബിസ്നസ്സ്
•സച്ചിൻ സുരേഷ് കേരള ബ്ലാസ്റ്റേഴ്സ് ഗോൾ കീപ്പർ
•കെ കോയ - സംസ്ഥാന പ്രധാനാദ്ധ്യാപക പുരസ്കാര ജേതാവ്

## പൂർവ്വാദ്ധ്യാപക സംഘടന

ഈ സ്ഥാപനത്തിൽ നിന്ന പിരിഞ്ഞുപോയ പൂർവ്വാദ്ധ്യാപകരുടെ നല്ലൊരു കൂട്ടായ്മ സ്കൂളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂളിന്റെ ഉയർച്ചയിലും വളർച്ചയിലും ഈ കൂട്ടായ്മ ആത്മാർത്ഥ സേവനങ്ങൾ നൽകി വരുന്നു.

അക്കാദമികം

നേട്ടങ്ങൾ

കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ 400 ലധികം കുട്ടികളെ  കുട്ടികളെ SSLC പരീക്ഷക്കിരുത്തി മികച്ച വിജയവും ഏറ്റവും കൂടുതൽ ഫുൾ എ പ്ലസും നേടുന്ന വിദ്യാലയ മായി മാറാൻ കഴിഞ്ഞു. N M M S പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടു തൽ കുട്ടികളെ ഇരുത്തി വിദ്യാഭ്യാസ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാ നുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു.  സ്കൗട്ട്, ഗൈഡ്, ജെ.ആർ. സി,  തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

ഹയർസെക്കന്ററിയിൽ  വർഷങ്ങളായി സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റിസ് ബാച്ചുകളിൽ മികച്ച വിജയം നേടുന്നു. സയൻസ് ബാച്ചിൽ 1200-ൽ 1200 മാർക്കും നേടാൻ ഈ സ്കൂളിലെ കുട്ടികൾക്ക് സാധിക്കുന്നു എന്നത് അക്കാദമിക മികവിന്റെ ഏറ്റവും വലിയ തെളിവാണ്.

അക്കാദമികം

പരിമിതികൾ

ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം, ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല.. അതുപോലെ ശാസ്ത്രലാബ് ഉണ്ടെങ്കിലും ഫിസിക്സിനും, കെമിസ്ട്രിക്കും ബയോ ളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കു ക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്.   ഐ.ടി.ലാബിലും കൂടുതൽ കമ്പ്യൂട്ടറു കൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായുള്ള ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
സ്മാർട്ട് റൂമുകളിലെ പ്രോജെക്ടറുകൾ ഇടയ്ക്കിടെ പ്രവർത്തന രഹിതമാകുന്നത് ഒരു വെല്ലുവിളിയായി നിലകൊള്ളുന്നു.

ഭൗതികം

നേട്ടങ്ങൾ

- ടൈൽ പാകിയ ക്ലാസ് മുറികൾ
- ഹൈടെക് സംവിധാനങ്ങൾ
- പതിനായിരത്തിലധികം പുസ്തകങ്ങൾ  സജ്ജീകരിച്ച ലൈബ്രറി
പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റു അസുഖങ്ങൾ ഉണ്ടാകുന്ന കുട്ടികൾക്കും വിശ്രമിക്കുന്നതിനായുള്ള സിക്ക് റൂം
- 30 കംപ്യൂട്ടറുകൾ ഉള്ള I T ലാബ്
- 500 പേർക്ക് ഇരിക്കാവുന്ന വിശാലമായ ഓഡിറ്റോറിയം
- 100 പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച ഫോഡറ്റ് ഹാൾ
- മനോഹരമായ ബാസ്കറ്റ് ബോൾ കോർട്ട്
- കലോത്സവങ്ങൾ പോലുള്ള പരിപാടികൾക്കായുള്ള സ്റ്റേജ്
- പവലിയനോട് കൂടിയ അതിവിശാലമായ ഫുട്ബാൾ ഗ്രൗണ്ട്
- ടൈലറിംഗ് പരിശീലനത്തിനായുള്ള ടൈലറിംഗ് റൂം

ഭൗതികം

പരിമിതികൾ

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ് പ്ലേ  ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറി യിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി പുതിയ റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി. ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്.

I T ലാബിലെ കംപ്യൂട്ടറുകളുടെ എണ്ണം ചുരുങ്ങിയത് 50 ആക്കേണ്ടതുണ്ട്

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യ മായ പരിശീലനം നൽകാൻ (ഉപകരണ സംഗീതമുൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം.

സ്കൗട്ട്, ഗൈഡ്, J R C തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂനിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം റൂം സൗകര്യം ഉണ്ടാവേണ്ടതുണ്ട്.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി. നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്
23. ദിനാചരണങ്ങൾ – ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപേപ്പർ ശില്പശാല
28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിത ശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# പ്രവർത്തനം- വിശദാംശങ്ങൾ

| ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ<br>ഉപമേഖല ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 ഭാഷാ ശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴു താനും സംസാരി ക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br>2). ഇംഗ്ലീഷ് ക്ലബ്ബി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമി നാർ, പ്രസംഗം തുടങ്ങിയവ സംഘ ടിപ്പിക്കൽ<br>3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ്. അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല<br>4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ക്ലാസും<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷ ത്തേക്ക്<br>ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ്<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപ കർ | |
| ഉപമേഖല ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 2 ഇംഗ്ലീഷ് തീയേറ്റർ | | | | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത രചനാ ക്യാമ്പ്. ഉൽപ്പന്ന ങ്ങൾ പ്രസിദ്ധീകരി ക്കൽ (CPTA കാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ 1 വർഷം | ഇംഗ്ലീഷ് അധ്യാപ കർ | 2000 പി.ടി.എ, പ്രാദേശിക സഹായം |
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങ ളിലേക്ക് മാറ്റി അവ തരണം. സ്കിറ്റ്, നാടകം, സംഭാഷ ണം രീതികൾ. തുടങ്ങിയ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപ കർ,ക്ലബ് സെക്രട്ടറി | 2000 |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ യിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപ കർ | |
| | 4) ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസ ത്തിൽ | ഇംഗ്ലീഷ് ടീച്ചർ ഇംഗ്ലീഷ് ഇൻചാർജ് | |

| | | | | |
|---|---|---|---|---|
| വ്യാകരണ ശുദ്ധി യോടെ ഭാഷ ഉപ യോഗിക്കുന്നതി നുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ച്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | 1000 for refreshment |
| വായന പരിപോഷി പ്പിക്കൽ | ക്ലാസ് ലൈബ്രറി യിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണ ങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊ ള്ളിക്കൽ - വായനാ കുറിപ്പ് തയ്യാറാ ക്കൽ | ആഴ്ച്ചയിൽ 1 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| കുട്ടികളുടെ രചന കൾ സമൂഹത്തി ലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കി യിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |

ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
ഉപമേഖല മലയാളം
പ്രവർത്തനം 1 ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യ നിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ<br>SRG | |
| 2).എല്ലാകുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1)ക്ലാസ് വായനാ കൂട്ടം രൂപീകരിക്കൽ<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തക വർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സി ലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗക ര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം - 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം - 1 വർഷം | വിദ്യാരംഗം ഇൻചാർജ്,മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ s r g<br>മലയാളം ടീച്ചർ | |
| 3.പത്രവായനപരിപോഷിപ്പിക്കുക | 1.പരമാവധിപത്രങ്ങൾസ് പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>2.ഓരോ ക്ലാസിനുംഓരോ പത്രം<br>3.രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>4.പത്രക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻചാർജ്<br>മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. സർഗ്ഗശേഷി വികസനം | 1.വായനാനുഭവം പങ്കുവെക്കൽ<br>2.സാഹിത്യക്വിസ്<br>3.രചനാ ശില്പശാല (കവിത,കഥ)<br>4.കവിതാലാപന മത്സരം<br>5.ക്ലാസ് തല  സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>6.പുസ്തകചർച്ച, പുസ്തകാസ്വാദനം<br>7.സാഹിത്യകാരനുമായി സംവദിക്കൽ<br>8.അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | വർഷത്തിൽ ഒരു തവണ<br>മാസത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>വർഷത്തിൽ ഒരു തവണ<br>മാസത്തിൽ 1 തവണ | S R G<br>വിദ്യാരംഗം<br>S R G<br>വിദ്യാരംഗം<br>S R G | |

ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
ഉപമേഖല: ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എട്ടാം തരം<br>അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ - ജൂലൈ | Hindi ടീച്ചേഴ്സ് | |
| ഉച്ചാരണം പരിചയ പ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാ രണം കൂടുതലായി പരിചയപ്പെടുത്തുന്നു. ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റം ബർ | Hindi ടീച്ചേഴ്സ് | |
| ഹിന്ദി അനായാസം എഴു തുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br><br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ – ജനുവരി | Hindi ടീച്ചേഴ്സ് | |
| ഒമ്പതാം തരം<br>ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br><br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കു വാൻ നൽകുന്നു. | ജൂൺ ജൂലൈ | Hindi ടീച്ചേഴ്സ് | |
| നാമം, സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കു ന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യ ങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് സെപ്റ്റം ബർ | Hindi ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| പോസ്റ്റർ<br>തയ്യാറാക്കുവാനറി<br>യുന്നു.<br>കവിത വായിച്ച്<br>ആസ്വാദന ക്കുറിപ്പ്<br>തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>വിവിധ വിഷയങ്ങൾ നൽകുന്നു.<br>ക്ലാസ്സിൽ പ്രദർശി പ്പിച്ച് മൂല്യ<br>നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ<br>നൽകിക്കൊണ്ട് ആസ്വാദ<br>നക്കുറിപ്പ്<br>ക്ലാസ്സിൽഅവതരിപ്പിക്കുവാൻ പറ<br>യുന്നു. | നവംബർ<br>ഡിസംബർ | Hindi<br>ടീച്ചേഴ്സ് | |
| പത്താം തരം<br>കുട്ടികളുടെ ഭാഷ<br>മെച്ചപ്പെടു ത്തുക എന്നീ<br>ലക്ഷ്യ ങ്ങളോടെ<br>ഭാഷാവസ്തുതക<br>ളുമായി ബന്ധപ്പെട്ട<br>പ്രവർത്ത നങ്ങൾ<br>നടത്തുന്നു.<br><br>സാഹിത്യാഭിരുചി<br>വളർത്തു ക,<br>ഹിന്ദിവാരാഘോഷ സമ<br>യത്ത് ഹിന്ദി കലോത്സവം<br>മികച്ച രീതിയിൽ<br>നടത്തുന്നു. കുട്ടിയുടെ<br>മികച്ച പങ്കാളിത്തം<br>ഉറപ്പുവരുത്തുന്നു.<br><br>ആശയങ്ങൾ വിവിധ തര<br>ത്തിൽ<br>ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി<br>മാറ്റു വാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളി<br>ന്മേൽ കുറിപ്പ്<br>തയ്യാറാക്കുവാ<br>നാറിയുന്നു.<br>ഡയറി<br>എഴുതുവാനറിയുന്നു. | നാടകം വേദിയിൽ<br>അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം<br>തയ്യാ റാക്കുവാൻ പറയുന്നു.<br><br>പദ്യം ചൊല്ലൽ, കഥ, കവിത,<br>പോസ്റ്റർ നിർമ്മാണം എന്നിവ<br>സംഘടിപ്പിക്കുന്നു.<br><br>പാഠഭാഗത്തിലെ സന്ദർഭങ്ങൾ<br>നൽകുന്നു. കഥാപാത്രങ്ങളെ<br>ആസ്പദമാക്കി, ചരിത്ര കുറിപ്പ്<br>തയ്യാറാക്കുവാൻ പറയുന്നു. എല്ലാ<br>ദിവസവും ഡയറിഎഴുതുവാനുള്ള<br>നിർദ്ദേശം നൽകുന്നു. | ജൂൺ<br>ജൂലൈ<br><br>ഓഗസ്റ്റ്<br>സെപ്റ്റം<br>ബർ<br>ഒക്ടോബർ<br><br>നവംബർ<br>ജനുവരി | Hindi<br>ടീച്ചേഴ്സ്<br><br>Hindi Club<br><br>Hindi<br>ടീച്ചേഴ്സ് | |

| ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ<br>ഉപമേഖല അറബി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| അറബി ഭാഷ പഠനത്തോടൊപ്പം എഴുത്തും വായനയും പരിപോഷിപ്പിക്കൽ | ജൂൺ മാസത്തിൽ പ്രി ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തും.<br>റെമഡിയൽ ടീച്ചിംഗിന്റെ ഭാഗമായി അവർക്ക് രക്ഷിതാക്കളുടെ സഹായത്തോടെ പ്രത്യേക ഹോം വർക്കുകളും, എഴുത്തിലും വായനയിലും പരിശീലനവും നൽകും.<br>മുഴുവൻ വിദ്യാർഥികളുടെയും എഴുത്തും വായനയും മെച്ചപ്പെടുത്താൻ വേണ്ട പരിശീലനം നൽകും. | ഒരു അധ്യയന വർഷം | അറബിക് അദ്ധ്യാപകർ | 500/ |
| ക്ലബ്ബിൻറെ കീഴിലുള്ള പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തൽ | അറബിക് ക്ലബ്ബിൻറെ കീഴിൽ ഒരു റീഡേഴ്സ് ഫോറം രൂപീകരിക്കും.<br>അതോടൊപ്പം വായനയെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ സന്ദർഭോചിതം സംഘടിപ്പിക്കും. | ഓഗസ്റ്റ് സെപ്റ്റംബർ | അറബിക് ക്ലബ് | |
| കുട്ടികളെ കലോത്സവ പരിപാടികളിലേക്ക് തയ്യാറാക്കൽ | കുട്ടികളുടെ ഖുർആൻ പാരായണം മെച്ചപ്പെടുത്തുന്നതോടൊപ്പം പാരായണത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് വേണ്ട പരിശീലനം നൽകി കലോത്സവ വേദിയിലേക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്യും.<br>വിവിധ കലാപരിപാടികളിൽ മികച്ച നേട്ടത്തിനായി കുട്ടികൾക്ക് വേണ്ട പരിശീലനം നൽകും | ഓഗസ്റ്റ് സെപ്റ്റംബർ | അറബിക് അദ്ധ്യാപകർ | |
| ദിനാചരണങ്ങളുടെ പ്രാധാന്യത്തെ പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കൽ | ദിനാചരണങ്ങളുടെ ഭാഗമായി ക്ലബ്ബിന് സാധ്യമാകുന്ന പരിപാടികൾ സംഘടിപ്പിക്കും. | ദിനാചരണങ്ങളുടെ സന്ദർഭങ്ങളിൽ | അറബിക് ക്ലബ്<br>അറബിക് അദ്ധ്യാപകർ | 1000/- |
| അറബി ഭാഷ പഠനത്തോടൊപ്പം പൊതു വിജ്ഞാനവും നേടിയെടുക്കൽ | അറബി ഭാഷ ദിനാചരണത്തിന്റെ ഭാഗമായി ക്ലാസ് തലത്തിൽ കുട്ടികൾക്ക് ക്വിസ് കോമ്പറ്റീഷൻ | ഡിസംബർ ജനുവരി | അറബിക് അദ്ധ്യാപകർ | 1000/- |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുകയും ഓരോ ക്ലാസിൽ നിന്നും സെലക്ട് ചെയ്യുന്ന കുട്ടികളെ സ്കൂൾ തല മത്സരത്തിൽ പങ്കെടുപ്പിച്ചു ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യും. | | | |
| അറബി ഭാഷ പഠനത്തിൽ മികവ് പുലർത്തുന്നവർക്ക് ആ മേഖലയിലെ സാധ്യതകൾ പരിചയപ്പെടുത്തൽ | അറബി ഭാഷ പഠനത്തിൻറെ സാധ്യതകളും മറ്റും കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉപകാരപ്പെടുന്ന രീതിയിലുള്ള ക്ലാസുകൾ സംഘടിപ്പിക്കും. | ജനുവരി | അറബിക് അദ്ധ്യാപകർ | 1000/- |

| ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ<br>ഉപമേഖല ശാസ്ത്രം (ഫിസിക്സ് ,കെമിസ്ട്രി , ബയോളജി ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തൽ | 1.ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയ ുള്ള കുട്ടികളുടെ അവതരണം പരീക്ഷണ കളരി പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ<br>2.സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3.ഗവേഷണാത്മക പ്രൊജക്റ്റ് ഏറ്റെടുത്തുള്ള പഠനം<br>4.സർവ്വേ അഭിമുഖം നിരീക്ഷണം | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് | 1000/ on fund |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്നു മാസം | സയൻസ് ക്ലബ് | |
| ശാസ്ത്രലാബ് നവീകരണം ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ ജൂലൈ മാസങ്ങളിൽ | സയൻസ് ടീച്ചേർസ് | |
